For Private Circulation Only

April 2018

ആഗമനാദുതൻ

Vol.65 | " ദൈവമേ നിന്റെ ദയെക്കു തക്കവണ്ണം എന്നോടു കൃപയുണ്ടാകേണമേ" (സങ്കീ. 51:1) | No.4

നാം അനുതപിച്ച് പാപങ്ങളെ വിട്ടു തിരിയണം

By Richard Owen Roberts

എല്ലാക്കാലത്തുമുള്ള ഏറ്റവും പ്രചാരമുള്ള വിഷയമാണ് പാപം. ഇതു വെറുതെ പറഞ്ഞു വിടുന്ന ഒരു കാര്യം മാത്രമല്ല, പിന്നെയോ ലോകത്തിലെ ഭൂരിപക്ഷം ആളുകളും അടിമപ്പെട്ടിരിക്കുന്ന വിഷയം കൂടെയാണ്.

അനേകരും പാപത്തിന്റെ അനന്തരഫലങ്ങളെക്കുറിച്ച് ഒരു ഭയവുമില്ലാതെ അതിൽ തുടർന്നു കൊണ്ടിരിക്കുന്നു. നന്മചെയ്യുവാൻ ആക്കപ്പെട്ടിരിക്കുന്നുവെന്നോ ന്യായപ്രമാണത്തിന്റെ ഏതുലംഘനത്തിനും ശിക്ഷാവിധിയുടെ യാതൊരു വിലക്കുകളും വകവയ്ക്കാതെ മന:പൂർവ്വമായി മനുഷ്യൻ പാപം ചെയ്യുന്നു. അവർ പാപത്തിൽ രസിക്കുന്നു. തങ്ങൾക്കിഷ്ടമുള്ളതിനെ വിശ്വസിച്ച് ഇഷ്ടമുള്ളവഴിയേ നടന്ന് ഇഷ്ടമുള്ളത് പ്രവർത്തിക്കുന്നു.

എന്നാൽ മറ്റു ചിലർ സാമൂഹ്യ നീതിയുടെയും, ധാർമ്മിക നിയമങ്ങളുടെയും മതപരമായ സ്വാധീനത്താലും പാപത്തിലൂടെയുള്ള സന്തോഷത്തെ ഒഴിഞ്ഞു ജീവിക്കുന്നു. സന്ദർഭവശാൽ പാപം അവരുടെ ജീവിതത്തിലേയ്ക്ക് വരുമ്പോൾ പാപത്തിന്റെ അനന്തരഫലങ്ങളെയോർത്ത് അവർ ഭയപ്പെടുന്നു. അങ്ങനെ അവർ പാപത്തിന് ഒരു അതിർവച്ച് പുറത്താക്കി ദൈവത്തിന്റെ സുരക്ഷിതമായ മേഖലയിൽ തങ്ങളെത്തന്നെ ഏല്പിക്കുന്നു. അങ്ങനെ പാപത്തെ വിട്ട് ദൈവത്തിന്റെ വഴികളിൽ നടക്കുമ്പോൾ അവരുടെ കൂട്ടുകാരായ പാപികൾ ദൈവത്തെയോ അനുതാപമുളവാക്കുന്ന ദൈവവചനത്തെയോ അറിയാതെ പാപത്തിന്റെ വഴിയിൽ തന്നെ നടക്കുന്നു.

പാപവും അനുതാപവും ദൈവവചനകാഴ്ചപ്പാടിൽ

മനുഷ്യ ചരിത്രം പരിശോധിച്ചാൽ ലോകത്തിലെ മനുഷ്യകുലത്തിന്റെ എല്ലാം ധാർമ്മിക നിലവാരം ഒരുപോലെയല്ല. അവിടെ ഉയർച്ചകളും താഴ്ചകളും ഉണ്ട്. അമേരിക്കയുടെ നിലവാരം മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമാണ്. അൻപതു വർഷത്തിനു മുമ്പുള്ള ധാർമ്മിക പ്രമാണങ്ങളല്ല ഇന്നത്തേത് വേദപുസ്തകം സ്വാധീനിക്കുന്ന ദേശങ്ങളിൽ പാപത്തിന്റെ ഉയർച്ചയും താഴ്ചയും ഒരു പ്രധാന വിഷയമാണ്. ലോകത്തിലെവിടെയും പാപത്തിനെതിരെ ഏക പക്ഷീയമായി ശബ്ദമുയർത്തുന്ന പുസ്തകം വിശുദ്ധ വേദപുസ്തകം മാത്രമാണ്. പാപം ചെയ്യുന്ന ഒരു സമൂഹവുമായി വേദപുസ്തകത്തിന് യാതൊരു അനുരജ്ഞനവുമില്ല. പാപത്തിൽ നിന്നും വിടുതലെടുത്തു ജീവിക്കുവാൻ ഒരു വ്യക്തി ആഗ്രഹിച്ചാൽ ദൈവവുമായി ഒരു പുതിയ തുടക്കം അവന് ആവശ്യമാണ്.

പാപം ദൈവത്തെ ദു:ഖിപ്പിക്കുന്നു, അനുതാപത്തിലൂടെ ദൈവുമായി നിരപ്പിലെത്തിച്ചേരുകയാണ് ചെയ്യുന്നത്. നമുക്കാർക്കും ദൈവത്തോട് എതിർത്തു നിൽക്കുവാൻ പഴുതില്ല. നമ്മുടെ പാപത്തെക്കുറിച്ച് അനുതപിച്ച് അതിനെ വിട്ടു തിരിയണം. സമൂഹത്തിൽ ആത്മികവും ധാർമ്മികവുമായ നിലവാരം കുറയുമ്പോൾ അനുതാപത്തെ സംബന്ധിച്ച ചിന്താഗതിയും ഇല്ലാതാവുന്നു. കർത്താവായ യേശുക്രിസ്തുവിനാൽ സ്ഥാപിതമായ ദൈവത്തിന്റെ സഭ. പാപത്തെ സ്നേഹിക്കുന്ന ലോകത്തിന് വരുന്ന ആപത്തിനെക്കുറിച്ച് ബോധം വരുത്തേണ്ട സമയമാണിത്. ഏറ്റവും അപകടകരമായ ഒരു കാലഘട്ടമാണിത്. ദൈവവചനത്തിന്റെ അക്ഷരസംഹിതയിൽ നൽകപ്പെട്ട അനുതാപം എന്ന വാക്ക് മനുഷ്യൻ തെറ്റിദ്ധരിക്കുകയോ കാണാതെ പോവുകയോ ചെയ്യുന്ന അപകടകരമായ അവസ്ഥയാണ് ഇന്നുള്ളത്.

അനുതാപം ഇല്ലാതെ പോകുന്നത് എന്തുകൊണ്ടാണ്

അനുതാപത്തിന്റെ ഉപദേശം തള്ളിക്കളയുന്നതിന് വിവിധകാരണങ്ങൾ സഭയിലും സമൂഹത്തിലും ഉണ്ട്.

ഒന്നാമതായി, ദൈവവചനത്തിന്റെ ഉപദേശത്തെ അതുപോലെ ഏറ്റെടുക്കുവാൻ കഴിയാത്ത ഒരു പൊതു നിലവാരം സഭയിലും സമൂഹത്തിലുമുണ്ട്. ഇന്നത്തെ സഭാ നേതാക്കന്മാർ പലരും പറയുന്ന ഒരു കാര്യം, ഉപദേശം പ്രസംഗിക്കേണ്ട, അതു ഒരു ഉപായപരമായ കാര്യമാണ്. ഐക്യതയില്ല എന്നതാണ് ഇന്നത്തെ സഭാ വളർച്ചയ്ക്ക് ഏറ്റവും തടസമായിരിക്കുന്നത്. ഐക്യതയെ സംബന്ധിച്ച ഉപദേശത്തിനാണ് ഊന്നൽ കൊടുക്കേണ്ടത്. നല്ല ഒരു പ്രസ്താവനയാണിത്. ഉപദേശപരമായ പ്രസംഗം ഒരു ഉപായമാണ്. ദൈവവചനത്തിന്റെ ഉപദേശം പ്രസംഗിച്ചാൽ ചെമ്മരിയാടുകളും കോലാടുകളും തമ്മിൽ വേർപിരിയും. ശ്രദ്ധയോടെ ദൈവവചനം പഠിച്ച് ഉപദേശം പ്രസംഗിക്കുമ്പോൾ ജഡീകമായതും ആത്മികമായതും വേർപിരിയും. ചെമ്മരിയാടുകളും കോലാടുകളും ഉള്ള ഒരു സങ്കര സമൂഹം ക്രിസ്ത്യാനി എന്നറിയപ്പെട്ടാലും അവരെ വിശ്വസിപ്പാൻ ലോകത്തിന് സാദ്ധ്യമല്ല. ക്രിസ്തുവിന്റെ ആടുകളായ ചെമ്മരിയാടുകളും ലോകത്തിന്റെ ആടുകളായ കോലാടുകളും ഒരു ആലയത്തിന്റെ പല കോണുകളിലിരുന്ന് സ്പഷ്ടമല്ലാത്ത ഉച്ചാരണങ്ങളാൽ ആരാധിക്കുന്നു. ഈ രീതി ഉൾക്കൊള്ളുവാൻ ലോകത്തിനും സാദ്ധ്യമല്ല.

സഭകളിൽ ദൈവസാന്നിദ്ധ്യം ഇറങ്ങി വരുന്നില്ല എന്നതാണ് സഭാ വളർച്ചയ്ക്ക് തടസമായിരിക്കുന്നത് എന്നതാണ് സത്യം. പരിശു

(ശേഷം 4-ാംപേജിൽ)

തെറ്റാതെ വഴികാട്ടുന്ന പരിശുദ്ധാത്മാവ്

By Samuel L.Brengle (1860-1936)

അനിശ്ചിതതത്വങ്ങളിലും അപകടങ്ങളിലും ജീവിതത്തിന്റെ ബദ്ധപ്പാടുകളിലൂടെയും കടന്നു പോകുമ്പോൾ നമ്മുടെ സ്വർഗ്ഗീയ ഭവനത്തിലേയ്ക്കു ള്ള വഴി കാട്ടുക എന്നതാണ് പരിശുദ്ധാത്മാവിന്റെ ചുമതല. ദൈവം യിസ്രായേൽമക്കളെ മിസ്രയീമിൽ നിന്നു മോശയുടെ കയ്യാൽ പുറപ്പെടുവിച്ചു നടത്തുമ്പോൾ ദൈവം അവരെ പർവ്വതങ്ങൾ നിറഞ്ഞ മരുഭൂമിയിലൂടെ ദുർഘടവഴിയിലൂടെ പകൽ മേഘസ്തംഭത്തിലും രാത്രി അഗ്നിസ്തംഭത്തിലും സുരക്ഷിതമായി വഴി നടത്തി. ഇത് എല്ലാക്കാലത്തുമുള്ള തന്റെ ജനത്തെ നടത്തുന്നതിനുദാഹരണമാണ്.

എന്നാൽ ദൈവം എന്നിൽ നിന്നും ആഗ്രഹിക്കുന്നതെന്തെന്ന് ഞാൻ എങ്ങനെ അറിയും? എന്ന ചോദ്യം ആവർത്തിച്ചാവർത്തിച്ചു ഒരു താഴ്മയുള്ള ഭക്തന്റെ അധരങ്ങളിൽ നിന്നും പുറത്തു വരികയാണ്.

എപ്പോഴും തന്റെ സഹായം നമുക്കാവശ്യമാണ്.

എപ്പോഴും നാം ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നടത്തപ്പെടണം എന്ന ചിന്ത എപ്പോഴും നാം വച്ചു പുലർത്തേണ്ടതാണ്. ഒരു കപ്പൽ കപ്പിത്താന്റെ കണക്കു കൂട്ടലുകളെ ഭേദിച്ചു കൊണ്ട് ഒരു പാറസ്ഥലത്ത് ഇടിച്ചു തകരുവാനിടയായി. പരിശോധിച്ചപ്പോൾ പെട്ടിയിലുണ്ടായിരുന്ന ഒരു ഇരുമ്പു കഷണം വടക്കു നോക്കിയ യന്ത്രത്തിൽ കടുങ്ങി അതിന്റെ പ്രവർത്തനം വ്യതിചലിച്ചുപോയിരുന്നു.

ജീവിത കപ്പലിലെ യാത്രയിൽ വിവിധങ്ങളായ അപകടമേഖലകളെ തരണം ചെയ്യേണ്ടതുണ്ട്. പരിശുദ്ധാത്മാവിന്റെ സഹായമില്ലാതെ എങ്ങനെയാണ് വിജയകരമായി എത്താൻ കഴിയുക. ജീവിതത്തിന്റെ സുഗമമായ യാത്രയെ തടസപ്പെടുത്തുന്ന എണ്ണമല്ല പ്രശ്നങ്ങളാണ് നാം നേരിടുവാനായിട്ടുള്ളത്.

രാവിലെ നമ്മുടെ പ്രവൃത്തി ആരംഭിക്കുന്നു. ആരെയൊക്കെ നാം കണ്ടുമുട്ടും എന്ന് അറിയുന്നില്ല. എന്ത് വായിക്കും എന്ന് അറിയുന്നില്ല. എന്ത് വാർത്തയാണ് നമുക്ക് കിട്ടുന്നത് എന്ന് നാം അറിയുന്നില്ല, എന്ത് പരീക്ഷയാണ് നേരിടുവാനുള്ളത് എന്ന് അറിയുന്നില്ല എങ്ങനെയുള്ള തീരുമാനങ്ങളാണ് എടുക്കേണ്ടത് എന്ന് അറിയുന്നില്ല. എന്നാൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ സഹായം നമുക്ക് അത്യാന്താപേക്ഷിതമാണ്.

പരിശുദ്ധാത്മാവിന്റെ സഹായം മാത്രമല്ല, പരിശുദ്ധാത്മാവിനെ നമുക്ക് ആവശ്യമാണ്. ദൈവവചനം അതിനെ വാഗ്ദത്തം ചെയ്യുന്നു. അതെ, ഒരു ദിവസം ഈ വചനം എന്നെ ആശ്വസിപ്പിക്കയും ധൈര്യപ്പെടുത്തുകയും ചെയ്തു. “ യഹോവ നിന്നെ എല്ലായ്പ്പോഴും നടത്തും ” (യെശ. 58:11). ”എപ്പോഴെങ്കിലുമല്ല, എങ്ങനെയെങ്കിലുമല്ല, എല്ലായ്പ്പോഴും”.

സങ്കീർത്തനക്കാരൻ പറയുന്നത് “ഈ ദൈവം ഇന്നും

(ശേഷം 7-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വനന്ദനം. “എല്ലാറ്റിന്റെയും സാരം കേൾക്ക; ദൈവത്തെ ഭയപ്പെട്ടു അവന്റെ കൽപനകളെ പ്രമാണിച്ചുകൊൾക അതു ആകുന്നു സകല മനുഷ്യർക്കും വേണ്ടുന്നത്” (ലൂക്കോ. 6:27, 28)

2018-ാം വർഷത്തിന്റെ മാർച്ച് മാസം നമ്മെ വിട്ട് കടന്നുപോയി. ഏപ്രിൽ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

അതിശയവും അത്ഭുതകരവുമായ വഴികളിലൂടെ പ്രവർത്തിക്കുവാൻ കഴിവുള്ളവനാണ് നമ്മുടെ ദൈവം. പ്രതികൂലങ്ങളേയും സങ്കടങ്ങളേയും ഉറപ്പോടും ധൈര്യത്തോടും കൂടെ നേരിടാൻ കർത്താവ് നിങ്ങൾക്ക് കൃപ നൽകും. നിങ്ങൾ ശക്തിമേൽ ശക്തി പ്രാപിക്കും. ദൈവം നിങ്ങളുടെ ദീനാരോദനം കേട്ട് അതിനെ സ്തുതിയിനുറവിടമാക്കിത്തീർക്കും. യേശുവിനെ മുറുകെപിടിച്ചുകൊൾവിൻ. നമ്മുടെ ഹൃദയത്തിൽ ആശ്വാസം ലഭ്യമാക്കിയിട്ടുള്ള നമ്മെക്കൊണ്ടു ആവശ്യത്തിൽ ഇരിക്കുന്ന മറ്റുള്ളവരെ ആശ്വസിപ്പിക്കാൻ തക്ക ഒരു ഉപകരണമായി ഉപയോഗിക്കാൻ കർത്താവ് നമ്മെക്കുറിച്ചാഗ്രഹിക്കുന്നു. അവന്റെ നാമമഹത്വത്തിനു വേണ്ടി നിങ്ങളുടെ ജീവിതത്തെ സമ്പൂർണ്ണമായി സമർപ്പിക്കാൻ നിശ്ചയമായും ദൈവം നിങ്ങൾക്കു കൃപ നൽകട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ ***IFSC code SBIN 0070028 A/c. No. 67342839891*** *സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.*

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

ഒരു പ്രബോധനം

By J.C. Ryle

ക്രിസ്തുവിന്റെ ആത്മാവിനെ പ്രാപിച്ചിരിക്കുന്ന ഏവരോടും അതായത് ദീർഘക്ഷമ, വിശ്വാസം, വിശുദ്ധി, പ്രാർത്ഥന, ദൈവചനത്തെ സ്നേഹിക്കുന്നവരായ ഏവരോടുള്ള ഒരു ചെറിയ പ്രബോധനം ഈ പ്രബോധനത്തിൽ മൂന്ന് കാര്യങ്ങൾ അടങ്ങിയിരിക്കുന്നു.

ഒന്നാമതായി ആത്മാവിന് നന്ദിയുള്ളവരായിരിക്കണം. വ്യത്യസ്തരായിരിപ്പാനാണ് ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത്. നമ്മുടെ ഹൃദയത്തിന്റെ വികാരങ്ങൾ, നമുക്കു ചുറ്റും ഉള്ള ആളുകൾ അറിയുന്നില്ല. ഒരിക്കൽ നാമും നമ്മെക്കുറിച്ച് മനസിലാക്കിയിരുന്നില്ല. നമ്മിലുള്ള പാപബോധം സംബന്ധിച്ച് പരിശുദ്ധാത്മാവ് നമ്മെ ക്രിസ്തുവിങ്കലേക്ക് അടുപ്പിക്കുന്നു. നീതിക്കു വേണ്ടിയുള്ള വിശപ്പും ദാഹവും വേദപുസ്തകത്തിലേയ്ക്കും പ്രാർത്ഥനയിലേക്കും നമ്മെ നടത്തുന്നു. ഇത് സ്വാഭാവികമായി സംഭവിക്കുന്നതാണോ! ഒരിക്കലുമില്ല. ഈ ലോകത്തിന്റെ പാഠശാലകളിൽ ഇത് പഠിക്കാൻ കഴിയുമോ? ഇല്ല! ഒരിക്കലുമില്ല. ഇവ ദൈവത്തിന്റെ കൃപയാൽ വരുന്നു. കൃപ അതിനെ വിതെച്ചു, കൃപ അതിനെ നനെച്ചു, കൃപ അവയെ ആരംഭിച്ചു, കൃപ അതിനെ പരിപാലിച്ചു. ഏറ്റവും നന്ദിയുള്ളവരായിരിക്കാൻ പഠിക്കണം. ഓരോ ദിവസവും നാം ജീവിക്കുന്നതിന് ദൈവത്തിന് നന്ദി പറയണം. വ്യക്തിപരമായി നന്ദിയർപ്പിക്കണം. നമ്മുടെ കുടുംബത്തിൽ ദൈവത്തിന് മഹത്വം കൊടുക്കണം, ഹൃദയത്തിലുള്ള മറ്റെന്തിനേക്കാളുപരി ദൈവത്തിന് നന്ദി കരേറ്റണം. സ്വർഗ്ഗത്തിലേയ്ക്കുള്ള നമ്മുടെ ഒരുക്കം ഇങ്ങനെയായിരിക്കണം.

അടുത്താതായി, പരിശുദ്ധാത്മാവിൽ നിറഞ്ഞവരായിരിക്കണം. കൂടുതലായി ദൈവത്തിന്റെ സംരക്ഷണത്തിൻ കീഴിലായിരിപ്പാൻ ഉത്സാഹിക്കണം. നമ്മുടെ ചിന്തയെ, വാക്കിനെ, പ്രവൃത്തിയെ, സ്വഭാവത്തെ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ നടത്തിപ്പിൻ കീഴിൽ കൊണ്ടുവരുവാൻ ഉത്സാഹിക്കണം. ചഞ്ചലമായ മനോഭാവത്താലും ഈ ലോകത്തോട് അനുരൂപപ്പെടുന്നതിനാലും ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്. നിസാരമായ ബലഹീനതകളാലോ മുറുകെപ്പറ്റുന്ന പാപങ്ങളാലോ ആത്മാവിനെ കെടുക്കരുത്. പരിശുദ്ധാത്മാവിന്റെ ആധിപത്യത്തിനും ദുർഭരണത്തിനുമായി പൂർണ്ണമായി ഏല്പിക്കണം. ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിലും ദൈവകൃപയിലും വളരേണ്ടതിനായി പ്രാർത്ഥിക്കണം. ലോകത്തിൽ നന്മ ചെയ്യാനുള്ള വഴി ഇതാണ്.

ഒരു യഥാർത്ഥ വിശ്വാസി ലോകത്തിന്റെ വെളിച്ചമാണ് ദൂരത്തിലും വിശാലതയിലുമുള്ള ഒരിക്കലും അറിഞ്ഞിട്ടില്ലാത്ത അനേകർക്ക് വെളിച്ചമേകുന്നു. ഈ ലോക ജീവിതത്തിൽ ആന്തരികമായി ഏറെ സന്തോഷം നൽകുന്ന വഴിയാണിത്. മരണത്തിലും വലിയ പ്രത്യാശയുണ്ട്. ഈ ലോകത്തിന്റെ ഇമ്പങ്ങളെ വിട്ട് ജീവിക്കുന്നു. ഏറ്റവും ഒടുവിൽ ഒരു കിരീടത്തിന് യോഗ്യരാക്കിത്തീർക്കുന്നു,

ഒടുവിലായി ലോകവ്യാപകമായി സഭകളിൽ ഒരു പരിശുദ്ധാത്മാവിന്റെ പകർച്ചയുണ്ടാകുന്നതിനായി എല്ലാ ദിവസവും പ്രാർത്ഥിക്കണം. ഇത് കാലഘട്ടത്തിന്റെ ആവശ്യമാണ്. പൗലൊസിന്റെ കാലത്തേക്കാൾ വലിയ അർത്ഥത്തിലും വ്യാപ്തിയിലും സുവിശേഷ പ്രവർത്തനങ്ങൾ ഇന്ന് നടക്കുന്നുണ്ട്. ശരിയായ അർത്ഥത്തിലുള്ള പ്രവർത്തനങ്ങൾ ഇന്ന് നടക്കുന്നുണ്ട്. ശരിയായ അർത്ഥത്തിലുള്ള പ്രവർത്തനങ്ങൾ വളരെ കുറവത്രെ. സമർപ്പണമുള്ള വേലക്കാരും വേലയും അതിൽ വ്യാപരിക്കുന്ന ദൈവശക്തിയും തുലോം കുറവത്രേ. നമുക്ക് ആവശ്യമായിരിക്കുന്നത് പരിശുദ്ധാത്മാവിന്റെ അത്യന്തശക്തിയാണ്. പ്രസംഗപീഠങ്ങളിൽ ആ ശക്തി പകരപ്പെടണം, സഭകളിൽ, ഭവനസന്ദർശനങ്ങളിൽ, ക്രിസ്തീയ പാഠശാലകളിൽ ആ ശക്തി പകരപ്പെടണം. പരിശുദ്ധാത്മാവ് എവിടെയുണ്ടോ, അവിടെ ജീവനുണ്ട്, ശക്തിയുണ്ട്. വളർച്ചയുണ്ട്. ഫല സമൃദ്ധിയുണ്ട്. പരി

(ശേഷം 6-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

(1-ാം പേജിന്റെ തുടർച്ച)

നാം അനുതപിച്ച് പാപങ്ങളെ വിട്ടുതിരിയണം

ദ്ധാത്മാവിന്റെ ശക്തിയോടെ ദൈവവചനം കൂട്ടായ്മകളിൽ പ്രസംഗിക്കാതെ സഭ തന്റെ സ്വന്തം വഴിയ്ക്ക് തിരിഞ്ഞിരിക്കുന്നു എന്നതോർത്ത് കർത്താവു ആഴമായി ദു:ഖിക്കുന്നു. ദൈവത്തിന്റെ ഹൃദയം സംസാരിക്കുന്നത്, "എന്റെ അടുക്കലേയ്ക്ക് മടങ്ങി വരുവിൻ, ഞാൻ നിങ്ങളുടെ അടുക്കലേയ്ക്കും മടങ്ങി വരും".

രണ്ടാമതായി ചില വിഭാഗങ്ങൾ വിശ്വസിക്കയും അപ്പോൾ തന്നെ അതിനെ ജീവിതത്തിൽ പ്രായോഗികമാക്കുവാൻ കഴിയാത്തതിൽ ദു:ഖിക്കയും ചെയ്യുന്നു. എന്നാൽ പ്രാവർത്തികമാക്കുന്നില്ല. അനേകർ അനുതാപത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവാന്മാരാണ്. അതിനെ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ കഴിയാത്തതിൽ ദു:ഖിതരുമാണ്. അവർ ദൈവവചനത്തിലെ അനുതാപത്തിന്റെ ഉപദേശങ്ങളെ പഠിക്കയോ പ്രമാണിക്കയോ ചെയ്യുന്നില്ല. അങ്ങനെ സഭ, അനുതാപമില്ലാത്ത മാനസാന്തരമില്ലാത്ത ആളുകളെക്കൊണ്ട് നിറയുന്നു. ദു:ഖകരമായ സത്യം എന്നത് അവരും പറയുന്നു ഞങ്ങൾ വിശ്വാസികൾ ജനം സംശയവിചാരരമുള്ളവരായി, ശക്തിയില്ലാത്തവരായിത്തീരുന്നു എന്നതാണ് ഫലം.

മൂന്നാമതായി, അനുതാപത്തെക്കുറിച്ചുള്ള ഉപദേശത്തിന്റെ ആധികാരികതയെ മനസിലാക്കുന്നതിൽ സഭ പരാജയപ്പെട്ടിരിക്കുന്നു എന്നതാണ്. ചിലർ ചിന്തിക്കുന്നത് അനുതാപം എന്നത് തെരഞ്ഞെടുക്കാനോ തള്ളിക്കളയാനോ ഉള്ള ഒരു കാര്യമായിട്ടാണ് അവർ പറയുന്നത്. ഒരുവന് അനുതപിക്കാം. പക്ഷേ അതിനെ ഒരു ഉപദേശമാക്കേണ്ട കാര്യമില്ല എന്നാണ്. പരിണിതപലം, ആളുകൾ യേശുവിനോട് അടുത്ത് വരുവാനായി പാപങ്ങളെ ഏറ്റുപറഞ്ഞുപേക്ഷിക്കുന്നില്ല എന്നതാണ്. അങ്ങനെ സഭ ലോകത്തിൽ നിന്നും വേർപെട്ടവരായി കാണപ്പെടാത്ത ലോകമയത്വത്തിൽ മുന്നോട്ടു പോകുന്നു,

നാലാമതായി, ദോഷകരമായ ആ ഉപദേശത്തെ വ്യാപകമായി പഠിപ്പിക്കയും പ്രസംഗിക്കയും ചെയ്തുകൊണ്ട് ഒരു വ്യത്യസ്ത ഉപദേശത്തെ രൂപപ്പെടുത്തുന്നു. ഈ ദു:ഖകരമായ തെറ്റായ കാഴ്ചപ്പാട് രക്ഷയ്ക്ക് അനുതാപം ആവശ്യമില്ല എന്ന നിലപാടിലേയ്ക്ക് നയിക്കുന്നു. അനുതാപം എന്നത് ഒരു പ്രവൃത്തി ആയിട്ടത്രേ അവർ കണക്കാക്കുന്നത്. അവർ സ്ഥാപിക്കുന്നത് പ്രവൃത്തിയാലല്ല ഞങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നത്. അനുതാപത്തിനും വിശ്വാസത്തിനും ഉപദേശത്തിന്റെ ബന്ധത്തെ അവർ മന:പൂർവ്വമായി തള്ളിക്കളയുന്നു. തങ്ങളിലുള്ള അനീതിയെയും പാപത്തെയും വിട്ടുകളയാതെ നീതിമാനായ ദൈവത്തിങ്കലേയ്ക്ക് തിരിയുവാൻ ഒരു പാപിക്ക് കഴിയും എന്ന ബുദ്ധിയില്ലാത്ത ദൈവശാസ്ത്രത്തിൽ അവർ എത്തിച്ചേരുന്നു. അനുതാപം ഒരു പ്രവൃത്തിയാണ് എന്ന് സ്ഥാപിക്കുവാൻ ശ്രമിച്ചുകൊണ്ട് വിശുദ്ധനായവനെ ഉപേക്ഷിക്കുന്ന ചിന്താഗതിയിലേയ്ക്ക് എത്തിച്ചേരുന്നു. ദു:ത്തോടെ പറയട്ടെ, ഈ ആപത്കരമായ തെറ്റ്, സഭയിലെ ഒരു വലിയ വിഭാഗത്തെ വഞ്ചിക്കുന്നു.

അഞ്ചാമതായി, അനുതാപത്തെ തള്ളിക്കളയാനുള്ള കാരണം, സാധകാത്മകമായ ദൈവവചനത്തെ വളച്ചൊടിച്ച് തെറ്റായതിലേക്ക് ശ്രദ്ധതിരിച്ചുവിടുന്നു എന്നതാണ്. ലോകവ്യാപകമായി വിശ്വാസിക്ക് സാധകമാത്മകമായ ഒരു ആപ്തവാക്യം ഉണ്ടായിരിക്കേണ്ടതാണ്. സാധകാത്മകമായി ഒന്നും പറയാനില്ലെങ്കിൽ മിണ്ടാതിരിക്കയാണ് വേണ്ടത്. വിശ്വാസത്തെക്കുറിച്ചുള്ള ചിന്താഗതിയെ നോക്കുമ്പോൾ അനുതാപവും നിരപ്പും എന്ന സാധകാത്മകമായ ചിന്താഗതിയാണതിലുള്ളത്. എന്നാൽ അത് പലപ്പോഴും നിഷേധാത്മകമായ പട്ടികയിലേക്ക് തള്ളപ്പെടുകയാണ് ചെയ്യുന്നത്. നമ്മുടെ വാഹനത്തെ ഒരു പണിക്കാരൻ പരിശോധിക്കുമ്പോൾ സാധാകാത്മകമായ ഒരു കാര്യമാണ് അദ്ദേഹത്തിന് അതിൽ കാണുവാൻ കഴിയുന്നത്. തെറ്റായ ഒരു ഉദ്ദേശം ആ വാഹനത്തിനുണ്ടായിരിക്കയില്ല. മാത്രമല്ല ഒരു ഡോക്ടർ നമ്മെ പരിശോധിച്ച് രോഗമില്ല എന്ന് കണ്ടാൽ രോഗമുണ്ടാക്കി നമ്മെ ചികിത്സിക്കുവാൻ ഒരിക്കലും അദ്ദേഹം ഒരുമ്പെടാറില്ല.

ആറാമതായി, വിജയത്തിനുവേണ്ടി സമർപ്പണമുള്ള ഒരു വിഭാഗം ജനങ്ങളുടെ കരങ്ങളിൽ അനുതാപത്തിന്റെ ഉപദേശം ദുർബ്ബലമാകുന്നു എന്നതാണ്. അതായത്, സമൂഹത്തിലെ ഒരു വലിയ കൂട്ടം ജനങ്ങളും നേതാക്കന്മാരും സ്നേഹത്തിന് ഊന്നൽ കൊടുത്തുകൊണ്ട് വിജയിക്കാൻ ശ്രമിക്കുന്നു. തങ്ങളുടെ ഉദ്ദേശ നിവർത്തിക്കായി മതപരമായ സത്യവും മന:ശാസ്ത്രവുമൊക്കെ കൂട്ടിയിണക്കി വിജയിക്കാൻ ശ്രമിക്കുന്നു. പാപത്തിനെതിരെയുള്ള ശക്തമായ പോരാട്ടങ്ങളോ അനുതാപത്തെ സംബന്ധിച്ച ഉപദേശങ്ങളെയോ നരകത്തെയും ന്യായവിധിയെയും സംബന്ധിച്ച താക്കീതുകളെയോക്കാളും ഉപരിയായി ദൈവസ്നേഹത്തിനും മനുഷ്യനെ സംബന്ധിക്കുന്ന സന്തോഷത്തിന് കാരണമായ വിശ്വാസത്തിനും, ലോകവുമായി ഇഴുകിച്ചേർന്നുള്ള ജീവിതത്തിനും, പുറമേയുള്ള പ്രൗഡിക്കും മുൻ തൂക്കം കൊടുത്താൽ വലിയ പളളികൾ പണിയാൻ, വലിയ സഭകൾ പണിയാൻ സഹായകമാവും എന്ന് പഠിപ്പിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രവൃത്തിക്ക് വിധേയപ്പെടാത്ത സഭകൾ വർദ്ധിക്കുന്നു എന്നതാണ് പരിണത ഫലം. പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധവരുത്തുന്ന പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയെക്കുറിച്ച്, പള്ളിയിൽ പോകുന്ന പലരും ബോധവാന്മാരല്ല (യോഹ. 16:8-11). കുറ്റബോധമില്ല, അനുതാപമില്ല, മാനസാന്തരമില്ല. പാതാളത്തിന്റെ വാതിലുകൾ അതിനെ പരാജയപ്പെടുത്തുവാൻ കാത്തിരിക്കുന്നു.

ഏഴാമതായി, ദു:ഖകരമായ വസ്തുത എന്നത്, ധാർമ്മികമായി വിശ്വസ്തനേതാക്കന്മാരില്ല എന്നതാണ്. ഇവിടെ അനുതാപത്തെക്കുറിച്ച് പഠിപ്പിക്കുകയും പ്രസംഗിക്കയും ചെയ്യുന്നു. പൊതുവായി കാര്യങ്ങൾ അംഗീകരിക്കയും പ്രവർത്തിക്കയും ചെയ്യുന്നു. കുറച്ചുപേർ ഈ ഉപദേശത്തെ വചനപ്രകാരം കൃത്യമായി ആചരിക്കയും ചെയ്യുന്നു.

ദൈവം നമുക്ക് പ്രതികൂലമായാൽ

തന്റെ ഉപദേശങ്ങൾ തിരസ്കരിക്കപ്പെടുമ്പോൾ ദൈവം എന്താണ് ചെയ്യുന്നത്? ഇത് ഒരു പുതിയകാലമാണ്. പഴയകാര്യങ്ങൾക്ക് ഇന്ന് പ്രസക്തിയില്ല എന്ന് പറഞ്ഞ് ദൈവം പുഞ്ചിരിക്കുമോ? അതോ, ദൈവത്തന്റെ വഴി വിട്ട് തങ്ങളുടെ ഇഷ്ടം നിവർത്തിക്കുവാൻ ബദ്ധപ്പെടുന്നവർക്കെതിരെ ദൈവം എഴുന്നേൽക്കുമോ?

ദൈവത്തിന്റെ വചനത്തന്റെ തെളിവുകൾ നോക്കുമ്പോൾ ദൈവത്തിന്റെ വഴി വിട്ടു പോകുന്ന ഏവനോടും ദൈവം എതിരെ നിൽക്കുന്നു. ദൈവം തന്റെ വഴി പിഴച്ച സഭയെ ഓർത്തു ദു:ഖിക്കുന്നു. ദൈവം അതിനെതിരെ നിൽക്കുന്നു. തന്റെ ഇഷ്ടവും, വഴിയും, വച

(ശേഷം 6-ാം പേജിൽ)

യഥാർത്ഥ മാനസാന്തരവും ദൈവത്തിങ്കലേയ്ക്ക് മടങ്ങി വരവും

By Henry Blackaby

ഞാൻ കൗമാരത്തിലേയ്ക്ക പ്രവേശിച്ചതുമുതൽ എന്റെ കാതുകളിൽ കേൾക്കുന്ന ദൂതുകൾ എല്ലാം തന്നെ മാനസാന്തരത്തിനായുള്ള വിളിയായിരുന്നു. ഉണർവ്വിന്റെ കാഹളനാദം മുഴങ്ങിക്കേട്ടത് മാനസാന്തരപ്പെടുവിൻ, ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്നാണ്. സമയം വളരെ അതിക്രമിച്ചിരിക്കുന്നു! അടയാളങ്ങളെല്ലാം സാർവ്വലൗകികവും ഭയപ്പെടുത്തന്നവയുമാണ്. അന്തരീക്ഷത്തിൽ ദിവ്യമായ ഒരു ബദ്ധപ്പാടുണ്ട്. ദൈവജനത്തിന്റെ മാനസാന്തരമാണ് ഭാവിതലമുറയുടെ പ്രതീക്ഷ.

ഈ കാലഘട്ടത്തിൽ മൂന്ന് കാര്യങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്.

1. ദൈവജനത്തിന്റെ ഇടയിൽ വിശ്വസിപ്പാൻ കഴിയാത്ത നിലയിൽ പാപം വർദ്ധിച്ചിരിക്കുന്നു. പാപത്തിന്റെ ഭയാനകതയെ അവർ മനസിലാക്കുന്നില്ല. ദൈവസഭയുടെ ചരിത്രത്തിൽ പാപം എല്ലാക്കാലത്തിലും ഭയാനകമാണ്. അതിന്റെ പ്രത്യാഘാതം വലുതാണ്.

2. ദൈവവചനത്തിന്റെ വെളിപ്പാടുകളെ ഉപേക്ഷിച്ച് മനുഷ്യന്റെ ബുദ്ധിയുടെ പ്രമാണങ്ങളിലേയ്ക്ക് തിരിഞ്ഞിരിക്കുന്നു എന്നതാണ് മറ്റൊരു അപകടം.

3. മറ്റൊന്ന് യോഗ്യന്മാരായ ആത്മിക നേതാക്കന്മാരുടെ അഭാവമാണ്. ദൈവസഭയ്ക്ക് ആത്മിക കാര്യസ്ഥന്മാരായിക്കേണ്ടവർ പക്ഷം തിരിഞ്ഞ് രാഷ്ട്രീയം കളിക്കുന്ന നിലവാരത്തിലേക്ക് താണിരിക്കുന്നു. ദൈവത്തിനും ദൈവജനത്തിനും മുമ്പാകെ ദൈവശക്തി വെളിപ്പെടുത്തുന്ന ശക്തന്മാരായ വേലക്കാരെയാണ് ഈ കാലഘട്ടത്തിനാവശ്യം. ദൈവവുമായുള്ള സഖിത്വത്തിൽ നിന്നും ആത്മിക നേതാക്കന്മാർ വ്യതിചലിക്കുമ്പോൾ വേഗത്തിൽ ജനവും അതിനെ അനുകരിച്ച് നഷ്ടപ്പെട്ടുപോകുന്നു. അവരുടെ ചെവികൾ ദൈവവചനം കേൾക്കാൻ കഴിയാതവണ്ണം മന്ദീഭവിച്ചും അവരുടെ ഹൃദയം കഠിനപ്പെട്ടും ഭാരമേറിയതായും തീർന്നിരിക്കുന്നതുകൊണ്ട് അവർ കേൾക്കുന്നില്ല, യെശയ്യാ.6:10 -ൽ നിന്നും ഉദ്ധരിച്ച് കർത്താവ് പറയുന്നത് “നിങ്ങൾ ചെവിയാൽ കേൾക്കും ഗ്രഹിക്കയില്ലതാനും; കണ്ണാൽ കാണും ദർശിക്കയില്ല താനും. ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു; അവർ ചെവികൊണ്ട് മന്ദമായി കേൾക്കുന്നു; കണ്ണു അടച്ചിരിക്കുന്നു. അവർ കണ്ണുകാണാതെയും ചെവികേൾക്കാതെയും ഹൃദയം കൊണ്ട് ഗ്രഹിക്കാതെയും തിരിഞ്ഞുകൊള്ളാതെയും ഞാൻ അവരെ സൗഖ്യമാക്കാതെയും ഇരിക്കേണ്ടതിനുതന്നെ ” (മത്താ. 13:14). എന്നാൽ മാനസാന്തരവും പ്രാർത്ഥനയും ഉള്ള ജനത്തോട് കർത്താവ് അരുളിചെയ്യുന്നത് എന്നാൽ നിങ്ങളുടെ കണ്ണ് കാണുന്നതുകൊണ്ട് നിങ്ങളുടെ ചെവി കേൾക്കുന്നതുകൊണ്ടും ഭാഗ്യമുള്ളവ. “ ഏറിയ പ്രവാചകന്മാരും നീതിമാൻമാരും നിങ്ങൾ കാണുന്നത് കാണുവാൻ ആഗ്രഹിച്ചിട്ടും കണ്ടില്ല. നിങ്ങൾ കേൾക്കുന്നത് കേൾപ്പാൻ ആഗ്രഹിച്ചിട്ടും കേട്ടില്ല. എന്ന് ഞാൻ സത്യമായിട്ടും നിങ്ങളോട് പറയുന്നു ” (മത്താ. 13:16,17).

ഈ കാലഘട്ടത്തിൽ ശക്തമായി നമ്മോട് സംസാരിക്കുന്നത് സഭയെ അതിന്റെ ദൗത്യത്തെ ഓർപ്പിച്ചുണർത്തുവാൻ സമയമായി. തങ്ങളുടെ ഇഷ്ടം ചെയ്യുന്നത് മതിയാക്കി ദൈവത്തിങ്കലേയ്ക്ക് തിരിയണം. കാരണം നമ്മുടെ ആത്മിക നിലവാരം ആപൽക്കരമായ അവസ്ഥയിലാണ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്.

നമ്മുടെ ആത്മീക നിലവാരത്തിന്റെ നിലനില്പ് ആശ്രയിച്ചിരിക്കുന്നത് നല്ല പഠിപ്പിക്കലിലും നല്ല പ്രസംഗങ്ങളിലുമാണ്. അത് നമ്മുടെ ദൈവത്തിന്റെ ഹൃദയത്തെ സന്തോഷിപ്പിക്കയും ചെയ്യുന്നു. നല്ല പഠിപ്പിക്കലും പ്രസംഗങ്ങളും പരിശുദ്ധാത്മാവിനും ബഹുമാനമായിത്തീരുകയും ആളുകളുടെ ഹൃദയത്തെയും ജീവിതത്തെയും സന്തോഷിപ്പിക്കുന്ന അനുഗ്രഹങ്ങൾ നൽകുകയും ചെയ്യുന്നു. യഥാർത്ഥ മാനസാന്തരവും ദൈവത്തിങ്കലേയ്ക്കുള്ള മടങ്ങിവരവും വ്യക്തിപരമായും സമൂഹപരവുമായ രൂപാന്തരത്തിന് കാരണമാവുന്നു. അത് വിശുദ്ധിയുടെ ഒരു വിശാലവീഥി സൃഷ്ടിക്കും (യെശ. 35:8). അതിലൂടെ ദൈവം അവരുടെ അടുക്കലേയ്ക്ക് വരികയും അവരിലൂടെ നശിച്ചുപോകുന്ന ആത്മാക്കളുടെ അടുക്കലേയ്ക്ക് പോകുകയും ചെയ്യും. അങ്ങനെ ഒരിക്കൽ കൂടെ ദൈവത്തിന്റെ ജനം. “ അങ്ങനെ യഹോവയാൽ വീണ്ടെടുക്കപ്പെട്ടവർ മടങ്ങി ഉല്ലാസഘോഷത്തോടെ സീയോനിലേയ്ക്ക് വരും; നിത്യാനന്ദം അവരുടെ തലമേൽ ഉണ്ടായിരിക്കും; അവർ ആനന്ദവും സന്തോഷവും പ്രാപിക്കും; ദു:ഖവും നെടുവീർപ്പും ഓടിപ്പോകും” (യെശ. 35:10).

ദാവീദിന്റെ പ്രാർത്ഥന നമ്മുടെ പ്രാർത്ഥനയും ആയിത്തീരട്ടെ.

“ ദൈവമേ നിന്റെ ദയയ്ക്കു തക്കവണ്ണം എന്നോട് കൃപയുണ്ടാകണമേ; നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചു കളയേണമേ. നിന്നോടു തന്നേ ഞാൻ പാപം ചെയ്തു നിനക്ക് അനിഷ്ടമായത് ചെയ്തുമിരിക്കുന്നു. അന്തർഭാഗത്തിലെ സത്യമല്ലോ നീ ഇച്ഛിക്കുന്നത്; അന്തരംഗത്തിൽ എന്നെ ജ്ഞാനം ഗ്രഹിപ്പിക്കേണമേ. കഴുകണമേ, ശുദ്ധീകരിക്കണമേ! സന്തോഷവും ആനന്ദവും എന്നെ കേൾക്കുമാറാക്കണമേ; എന്റെ അകൃത്യങ്ങളെ ഒക്കെയും മായിച്ചുകളയേണമേ. ദൈവമേ നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായൊരാത്മാവിനെ എന്നിൽ പുതുക്കണമേ. നിന്റെ സന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ. നിന്റെ രക്ഷയുടെ സന്തോഷം എനിക്ക് തിരികെ തരേണമേ. മനസൊരുക്കമുള്ള ആത്മാവിനാൽ എന്നെ താങ്ങണമേ. അപ്പോൾ ഞാൻ അതിക്രമക്കാരോട് നിന്റെ വഴികളെ ഉപദേശിക്കും; പാപികൾ നിങ്കലേയ്ക്ക് മനംതിരിയും. ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്; തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമേ നീ നിരസിക്കയില്ല. നിന്റെ പ്രസാദപ്രകാരം നിന്റെ ജനത്തിന് നന്മ ചെയ്യേണമേ. രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവുമായി അവരെ പണിയേണമേ. നിന്റെ പ്രത്യേകജനമായിരിക്കൽ കൂടെ നിന്റെ

(ശേഷം 6-ാംപേജിൽ)

(4-ാം പേജിന്റെ തുടർച്ച)

നാം അനുതപിച്ച് പാപങ്ങളെ വിട്ടുതിരിയണം

നവും വിട്ടു പോകുന്നവരുടെ അനുഗ്രഹങ്ങളെ ദൈവം തടഞ്ഞുവയ്ക്കുന്നു. വഴി പിഴച്ച യിസ്രായേലിനെക്കുറിച്ചു വചനം പറയുന്നത് എന്നാൽ അവർ മത്സരിച്ചു അവന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിച്ചു; അതുകൊണ്ട് അവൻ അവർക്കു ശത്രുവായിത്തീർന്നു താൻ തന്നെ അവരോട് യുദ്ധം ചെയ്തു.(യെശ. 63:10). നാം സാധാരണയായി കേൾക്കുന്ന ഒരു പ്രാസ്താവനയുണ്ടല്ലോ. ദൈവം നമുക്ക് അനുകൂലം എങ്കിൽ പ്രതികൂലം ആർ? എന്നാൽ അതുപോലെതന്നെ, ദൈവം നമുക്ക് പ്രതികൂലം എങ്കിൽ ആർ നമുക്ക് അനുകൂലമാകും? ഇത് അലസമായ ഒരു സാധാരണ ചോദ്യമല്ല പിന്നെയോ ദൈവത്തെ നാം ഉപേക്ഷിക്കുമ്പോൾ ദൈവം നമ്മോട് യുദ്ധം ചെയ്യും. യിസ്രായേൽ ദൈവത്തിന്റെ വഴിയിൽ നിന്നും വ്യതിചലിച്ചപ്പോഴൊക്കെയും ദൈവം അവർക്ക് അനർത്ഥങ്ങൾ വരുത്തി. ദൈവം അവർക്ക് ശത്രു എന്ന നിലയിൽ പ്രതികൂലങ്ങൾ ഒന്നിനു പുറകെ ഒന്നായി അയച്ചുകൊണ്ടിരുന്നു.

ജാഗ്രതയുണ്ട് രണ്ടു വാക്ക്

അനുതാപത്തിന്റെ ഉപദേശത്തെ സംബന്ധിച്ച് നാം ജാഗ്രതയുളളവരായിരിപ്പാനുള്ള ചില വാക്കുകൾ ദൈവവചനത്തിൽ ശ്രദ്ധേയമാണ്. അതിനെ ശ്രദ്ധയോടെ കരുതികൊൾക.

ജാഗ്രത 1." നിങ്ങൾ കേൾക്കുന്നതു എന്തു എന്ന് സൂക്ഷിച്ചുകൊൾവിൻ" (മർ.4 :24).

ജാഗ്രത 2. "ആകയാൽ നിങ്ങൾ എങ്ങനെ കേൾക്കുന്നു എന്ന് ശ്രദ്ധിച്ചുകൊൾവിൻ" (ലൂക്കൊ. 8:18).

ഈ വചനങ്ങളുടെ സന്ദർഭം പരിശോധിക്കുമ്പോൾ, ഒരുവനിൽ എന്ന് ആ വേദഭാഗങ്ങളിലൂടെ വ്യക്തമാണ്.

ഈ ജാഗ്രതാ നിർദ്ദേശങ്ങൾ പ്രധാനപ്പെട്ട ചില ചുമതലകൾ നമ്മെ ഭരമേല്പിക്കുന്നു. ചിലർ തങ്ങൾ കേൾക്കുന്നതിനെക്കുറിച്ച് ബോധവാന്മാരല്ല. അവർ വർഷങ്ങളായി കേൾക്കുകയും പഠിക്കുകയും ചെയ്യുന്നു എങ്കിലും അതിനെ ശ്രദ്ധിക്കായ്കയാൽ ആത്മീക ജീവിതം മുരടിച്ചു പോകുന്നു. പലരും വായിക്കുകയും പഠിക്കയും ചെയ്യുന്നു. പക്ഷേ പലതും പ്രയോജനങ്ങളില്ലാത്തവയാണ്.

ശ്രദ്ധിക്കുന്ന ആളുകൾക്കുവേണ്ടിയുള്ള ദൈവത്തിന്റെ പ്രവൃത്തി വളരെ വ്യക്തമാണ്. ആസാഫിന്റെ സങ്കീർത്തനങ്ങളിലൊന്നിൽ നാം വായിക്കുന്നത്, " എന്റെ ജനമേ കേൾക്ക, ഞാൻ നിന്നോടു സാക്ഷ്യം പറയും. യിസ്രായേലേ, നീ എന്റെ വാക്കു കേട്ടെങ്കിൽ കൊള്ളായിരുന്നു. അന്യദൈവം നിനക്കുണ്ടാകരുത്. യാതൊരു അന്യദൈവത്തെയും നീ നമസ്ക്കരിക്കരുത്. മിസ്രയീം ദേശത്തു നിന്ന് നിന്നെ കൊണ്ടു വന്ന യഹോവയായ ഞാൻ നിന്റെ ദൈവം ആകുന്നു. നിന്റെ വായ് വിസ്താരത്തിൽ തുറക്ക; ഞാൻ അതിനെ നിറെയ്ക്കും. എന്നാൽ എന്റെ ജനം എന്റെ വാക്കു കേട്ട് അനുസരിച്ചില്ല; യിസ്രായേൽ എന്നെ കൂട്ടാക്കിയതുമില്ല. അതുകൊണ്ട് അവർ സ്വന്ത ആലോചനപ്രകാരം നടക്കേണ്ടതിന് ഞാൻ അവരെ ഹൃദയകാഠിന്യത്തിന് ഏല്പിച്ചുകളഞ്ഞു. അയ്യോ എന്റെ ജനം എന്റെ വാക്കു കേൾക്കയും യിസ്രായേൽ എന്റെ വഴികളിൽ നടക്കയും ചെയ്തു എങ്കിൽ കൊള്ളാമായിരുന്നു" (സങ്കീ. 81:8-13).

ഞാൻ ദു:ഖത്തോടെ യൗവനക്കാരനെ ഓർക്കുന്നു. ക്രിസ്തീയ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള ഈടുറ്റ പുസ്തകങ്ങളടങ്ങിയ നല്ല ലൈബ്രറി അദ്ദേഹത്തിനുണ്ടായിരുന്നു. താൻ വായിച്ചും പഠിച്ചും ദൈവശാസ്ത്രത്തിൽ നല്ല അറിവും പ്രാഗൽഭ്യവും നേടി. താൻ വിളിക്കപ്പെട്ട സുവിശേഷഘോഷണങ്ങളിൽ നന്നായി പ്രസംഗിച്ചു. എന്നാൽ തന്റെ ഭാര്യയെയും മക്കളെയും ഉപേക്ഷിച്ച് മറ്റൊരു സ്ത്രീയെ ഭാര്യയായെടുത്തു. അവൻ കയ്പുള്ള ഒരു അദ്ധ്യായമായി മാറി. വായനയും, പഠനവും അറിവും ഒരിക്കലും അനുസരണത്തിന് പകരമാവുകയില്ല. നമ്മുടെ അപകടത്തെ സംബന്ധിച്ച് അപ്പോസ്തലനായ യാക്കോബ് സംസാരിക്കുന്നത്, "ഒരുത്തൻ വചനം കേൾക്കുന്നവൻ എങ്കിലും ചെയ്യാത്തവനായിരുന്നാൽ അവൻ തന്റെ സ്വാഭാവികമുഖം കണ്ണാടിയിൽ നോക്കുന്ന ആളോട് ഒക്കുന്നു. അവൻ തന്നെത്താൻ കണ്ട് പുറപ്പെട്ടു താൻ ഇന്ന രൂപം ആയിരുന്നു എന്ന് ഉടനെ മറന്നു പോകുന്നു. സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം ഉറ്റു നോക്കി അതിൽ നിലനിൽക്കുന്നവനോ കേട്ടു മറക്കുന്നവനല്ല, പ്രവൃത്തി ചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ ഭാഗ്യവാനാകും" (യാക്കോ. 1:23-25).

ഒരു പക്ഷേ നിങ്ങളുടെ കഴിഞ്ഞകാലം ആത്മിക കാര്യങ്ങളെക്കുറിച്ച് ബോധവാനല്ലാത്ത ഒരാളായിരുന്നിരിക്കാം. ദൈവത്തിന്റെ വചനത്തെയും ഉപദേശങ്ങളെയും വേണ്ടവണ്ണം ശ്രദ്ധിക്കാത്ത ഒരു വ്യക്തിയായിരുന്നിരിക്കാം. എന്നാൽ ദയവായി, ഇനി ഒരിക്കലും അങ്ങനെ ചെയ്യരുത്. നിങ്ങളുടെ മുന്നിലുള്ള ദൈവവചനത്തിന്റെ ഉപദേശം വ്യക്തമായ ഫലമുളവാക്കും, ദൈവവചനം നിങ്ങളുടെ ചിന്തയ്ക്കും പ്രാർത്ഥനയ്ക്കും ഫലമുളവാക്കും. നിങ്ങൾ പഠിക്കുന്ന ദൈവവചനത്തിന് പരമാവധി ശ്രദ്ധകൊടുക്കുക. പ്രാർത്ഥനയോടെ ദൈവവചനവും അനുതാപമുളവാക്കുന്ന ഉപദേശങ്ങളും പഠിക്കുമ്പോൾ ദൈവം നമ്മെ അത് അനുഭവമാക്കുവാനും അനുദിനജീവിതത്തിൽ ദൈവത്തിന്റെ കൃപയനുഭവിപ്പാനും നമ്മെ സഹായിക്കും.

നിങ്ങളുടെ ആത്മീയ ജീവിതത്തിൽ അഹങ്കരിക്കാതിരിക്കാൻ ശ്രദ്ധിക്കുക. അനുതാപമുള്ള ആത്മിക ജീവിതത്തിൽ നിങ്ങളുടെ നിലവാരത്തെ മറ്റുള്ളവരുമായി താരതമ്യപ്പെടുത്തി കുറ്റപ്പെടുത്താതിരിക്കുക. ആ മഠയത്തരം ജീവിതത്തിൽ ഒഴിവാക്കുക. കാരണം, യേശു മാത്രമാണ് യഥാർത്ഥനിലവാരം. അനുതാപം എന്നത്, ദൈവം തരുന്ന കൃപയാണ്, ദൈവത്തിന്റെ നാളിൽ മാത്രമാണ് അതിന്റെ പ്രതിഫലം നാം പ്രാപിക്കുന്നത്.

❖

(3-ാം പേജിന്റെ തുടർച്ച)

ഒരു പ്രബോധനം

ശുദ്ധാത്മാവില്ലെങ്കിൽ എല്ലാം ജീവനില്ലാത്ത നാമമാത്രമായ ആചാരപരമായി ഉറങ്ങിയ തണുത്ത അവസ്ഥയിലാകുന്നു. എന്നാൽ ക്രിസ്തീയ സഭകളിൽ മലിനപ്പെടാത്ത ശുദ്ധമായ ദൈവം ആഗ്രഹിക്കുന്ന വളർച്ച നാം ആഗ്രഹിക്കുന്നു എങ്കിൽ പരിശുദ്ധാത്മാവിന്റെ വ്യാപകമായ പകർച്ചയ്ക്കും ശക്തിക്കും വേണ്ടി തുടർച്ചയായി പ്രാർത്ഥിക്കാം. ❖

(5-ാം പേജിന്റെ തുടർച്ച)

യഥാർത്ഥമാനസാന്തരവും ദൈവത്തിങ്കലേക്കുള്ള മടങ്ങിവരവും

ജനത്തെ പണിയേണമേ" (സങ്കീ. 51: 2പത്രൊ. 2:9, 10).

ദൈവമേ ഒരിക്കൽകൂടെ നിന്റെ ജനത്തിന്റെ ഹൃദയങ്ങളിലേയ്ക്ക് മാനസാന്തരത്തിനായി ഇറങ്ങിവരണമേ! ❖

(2-ാം പേജിന്റെ തുടർച്ച)

തെറ്റാതെ വഴികാട്ടുന്ന പരിശുദ്ധാത്മാവ്

എന്നേയ്ക്കും നമ്മുടെ ദൈവമാകുന്നു; അവൻ നമ്മെ ജീവപര്യന്തം വഴി നടത്തും” (സങ്കീ. 48:14). യേശു പരിശുദ്ധാത്മാവിനെക്കുറിച്ച് പറയുന്നത് “സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തി ലും വഴി നടത്തും” (1യോഹ. 16:13). പൗലൊസ് എഴുതിയത് “ ദൈവാത്മാവ് നടത്തുന്നവർ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു”.

ഈ തിരുവചനഭാഗങ്ങളാൽ സ്ഥാപിക്കപ്പെടുന്നതു ദൈവമക്കൾ എല്ലാവരും എപ്പോഴും ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നടത്തപ്പെടുന്നവരാണ്.

യഹോവേ എന്നെ നയിക്കേണമേ

ഈ ഊഷരഭൂമിയിലെ യാത്രക്കാരൻ ഞാൻ

ഞാൻ ക്ഷീണിതൻ എന്നാൽ അവിടുന്ന് ശക്തൻ;

അവിടുത്തെ ശക്തിയുള്ള കരങ്ങളാൽ എന്നെ താങ്ങണമേ.

എങ്ങനെയാണ് ദൈവം നമ്മെ നടത്തുന്നത്.

“ പൗലൊസ് പറയുന്നത് കാഴ്ചയാലല്ല, വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നത്,” (2കൊരി. 5:7). റോമർ 1:17-ൽ “ നീതിമാൻ വിശ്വാസത്താൽ ജീവിക്കും ”. പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് എപ്പോഴും ആവശ്യപ്പെടുന്നത് വിശ്വാസത്തെ പ്രാവർത്തികമാക്കുവാനാണ്. വിശ്വാസമില്ലാത്ത ഒരു ജീവിത വഴിയിലേക്ക് ദൈവം നമ്മെ നടത്തുന്നില്ല.

നോഹയെക്കുറിച്ച് സംസാരിക്കുമ്പോൾ വിശ്വാസത്താൽ നോഹ പെട്ടകം പണിയാനാരംഭിച്ചു. അബ്രഹാമിനെക്കുറിച്ചു സംസാരിക്കുമ്പോൾ കാണിപ്പാനിരിക്കുന്ന ദേശത്തേയ്ക്ക് പോക എന്നത്രേ പറഞ്ഞത്. വിശ്വാസത്താൽ അബ്രഹാം പോയി. (എബ്രാ. 11:7,8).

നാം വിശ്വസിക്കുമെങ്കിൽ നാം ആത്മാവിനാൽ നടത്തപ്പെടും വിശ്വസിക്കുന്നില്ലെങ്കിലോ നാം നമ്മിലേയ്ക്ക് തന്നെ മടങ്ങി വരും. “ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല ” (എബ്രാ. 11:6).

സങ്കീർത്തക്കാരൻ പറയുന്നത് “ സൗമ്യതയുള്ളവരെ അവൻ ന്യായത്തിൽ നടത്തുന്നു ” (സങ്കീ. 25:9). അവിടുന്ന് നമ്മുടെ അറിവിനെ പ്രകാശിപ്പിക്കുന്നു. നീതിയിലും ന്യായത്തിലും നമ്മെ നടത്തുന്നു.

സങ്കീർത്തക്കാരൻ പറയുന്നത് നിന്റെ ആലോചനയാൽ നീ എന്നെ നടത്തും. .... (സങ്കീ. 73:24). സങ്കീ.32:8-ൽ വായിക്കുന്നത് “ഞാൻ നിന്നെ ഉപദേശിച്ച് നടക്കേണ്ടുന്ന വഴി നിനക്ക് കാണിച്ചു തരും”.

അങ്ങനെ പരിശുദ്ധാത്മാവ് നമ്മിൽ നിന്നും ആവശ്യപ്പെടുന്നത് നമ്മെ പഠിപ്പിക്കാനുള്ള തന്റെ പാഠങ്ങളെ ശ്രദ്ധിച്ച് പഠിച്ച് ദൈവം നമ്മുടെ കഴിവുകളെയും നമ്മുടെ അവയവങ്ങളെയും മാറ്റി വയ്ക്കുന്നില്ല എന്ന് കാണുകയും അവയെ ഉണർത്തി പ്രയോജനപ്പെടുത്തി തന്റെ ഇഷ്ടം അവയിലൂടെ വെളിപ്പെടുത്തുകയുമാണ് ചെയ്യുന്നത്.

സൂര്യൻ ഭൗതിക മണ്ഡലങ്ങളെ ഉത്തേജിപ്പിച്ച് ജീവനും ശക്തിയും കൊടുക്കുന്നതുപോലെ പരിശുദ്ധാത്മാവ് ആത്മിക മണ്ഡലങ്ങളെ ശക്തിപ്പെടുത്തി തന്റെ ഉദ്ദേശത്തിനായി നമ്മെ ഒരുക്കി നമ്മുടെ ആഗ്രഹങ്ങളെയും ചിന്തകളെയും ദൈവത്തിന്റെ ഇഷ്ടപ്രകാരം രൂപപ്പെടുത്തി തന്റെ ഇഷ്ടപ്രകാരം നമ്മെ നടത്തുന്നു.

പരിശുദ്ധാത്മാവ് നമ്മെ നടത്തുന്നത്

1. നമ്മുടെ ഹൃദയത്തെയും മനസിനെയും ആഴമായി തുറക്കുന്നു. നമ്മെ ശുദ്ധീകരിക്കുന്ന ദൈവവചന സത്യങ്ങളെ പ്രത്യേകാൽ കർത്താവായ യേശുവിന്റെയും അപ്പോസ്തലന്മാരുടെയും സ്വഭാവത്തെയും നമ്മുടെ ഉള്ളിലാക്കി തന്റെ വഴികളിലാക്കി തന്റെ വഴികളിൽ നമ്മെ നടത്തുന്നു.

2. സാഹചര്യങ്ങളെയും ചുറ്റുപാടുകളെയും അനുദിനം നിയന്ത്രിക്കുന്നു.

3. മറ്റുള്ളവരുടെ ആലോചനയാൽ പ്രത്യേകിച്ച് ഭക്തന്മാരുടെയും ആത്മീയ പക്വതയുള്ള സഹോദരീ സഹോദരന്മാരാലും തന്നെ നടത്തുന്നു.

4. അനുസരണത്തേയും ഒരുക്കത്തെയും പ്രാർത്ഥനയേയും കാത്തിരിപ്പിനെയും വർദ്ധിപ്പിക്കുന്ന ആന്തരിക സമർപ്പണത്തിലൂടെ പ്രവർത്തിക്കുന്നു. പ്രസംഗിപ്പാനും, മറ്റു രാജ്യങ്ങളിൽ സുവിശേഷവുമായി പോകുവാനും, വചനധ്യാനത്തിനും താലന്തുകൾ വ്യാപാരം ചെയ്യുവാനും ആത്മാക്കളെ നേടുവാനുള്ള വേലയിൽ പണം ചെലവാക്കുവാനും ഉള്ള ഉൾവാഞ്ചയെ പരിശുദ്ധാത്മാവ് വർദ്ധിപ്പിക്കുന്നു.

എന്തുകൊണ്ട് ചിലർ പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനെ മനസിലാക്കുന്നില്ല

എന്തുകൊണ്ടാണ് ചിലർ പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനെ അന്വേഷിക്കുന്നില്ല? പക്ഷേ കണ്ടെത്തുന്നില്ല?

1. അവർ ശുഷ്കാന്തിയോടെ ദൈവവചനം പഠിക്കുകയോ അതിലെ സത്യങ്ങളും തത്വങ്ങളും കൊണ്ട് ഹൃദയത്തെ നിറയ്ക്കുവാനോ താല്പര്യപ്പെടുന്നില്ല. അവരുടെ മനസ്സും ഹൃദയവും ക്രിസ്തുവിന്റെ പാഠശാലയിൽ കേന്ദ്രീകരിക്കുവാൻ തയ്യാറാവുന്നില്ല, അതുകൊണ്ട് ദൈവത്തിന്റെ നടത്തിപ്പു ഇല്ലാതെപോകുന്നു.

ദൈവത്താൽ ഉപയോഗിക്കപ്പെടുന്ന ഒരു ദൈവഭക്തൻ ഒരു കൽക്കരിഖനി തൊഴിലാളിയായിരുന്നു. ഖനിയിലേക്കു പോകുമ്പോഴും ഒരു വേദപുസ്തകം കയ്യിൽ കരുതിയിരുന്നു. കിട്ടുന്ന ഒഴിവു സമയങ്ങളിൽ ദൈവവചനം വായിച്ച് തന്റെ മനസിനെയും ഹൃദയത്തെയും വചനത്തിലെ സത്യങ്ങളെകൊണ്ട് നിറയ്ക്കുമായിരുന്നു. അങ്ങനെ അദ്ദേഹം തന്നെത്താൻ ഒരുക്കി ദൈവനിയോഗത്താൽ നടത്തപ്പെട്ട് ദൈവത്തിന് ശക്തനായ ഒരു വേലക്കാരനായി ഒരുക്കപ്പെട്ടു.

അന്നന്നുള്ള ദൈവത്തിന്റെ കരുതലിനെ അവർ അംഗീകരിക്കാതെ, ദൈവം അവരെക്കൊണ്ടു ചെയ്യുവാനിരുന്ന വൻകാര്യങ്ങൾക്കനുസരിച്ചുള്ള ദൈവത്തിന്റെ പരിശീലനത്തിന് കാത്തു നിൽക്കാതെ അവരുടെ സാഹചര്യത്തിനും ഇഷ്ടത്തിനും ഒത്ത് ദൈവത്തിന്റെ പദ്ധതിയെ വ്യാഖ്യാനിക്കുവാൻ താല് പര്യപ്പെടുന്നു.

ആത്മാക്കളെ രക്ഷിക്കുവാനുള്ള ദൈവത്തിന്റെ പദ്ധതിയിൽ താനും വിളിക്കപ്പെട്ടിരിക്കുന്നു എന്നു തോന്നി ഒരു യുവസഹോദരിക്ക് ഒരു യോഗ്യതാ നിർണ്ണയ പരിശീലനത്തിലൂടെ കടുന്നുപോകണമായിരുന്നു. സ്വാർത്ഥമതിയായ അവൾ പറഞ്ഞു. ഞാൻ എന്റെ വീട്ടിൽ പോയി വിശുദ്ധ ജീവിതം ചെയ്തു എന്റെ കുടുംബാംഗങ്ങളെ രക്ഷയിലേക്ക് നയിക്കാം എന്നു പറഞ്ഞു. വയൽ പ്രദേശത്തേയ്ക്കു പോകുന്നതിനു മുമ്പ് ദൈവവചനം പഠിച്ച് ദൈവഹിതം അന്വേഷിക്കുവാൻ അവ തയ്യാറായില്ല. നാം നമ്മുടെ വീട്ടിൽ നമ്മുടെ സമൂഹത്തിൽ നമ്മുടെ

(ശേഷം 8-ാം പേജിൽ)

(7-ാം പേജിന്റെ തുടർച്ച)

തെറ്റാതെ വഴികാട്ടുന്ന പരിശുദ്ധാത്മാവ്

ജോലി സ്ഥലത്ത് വിശ്വസ്തരായിരുന്നില്ലെങ്കിൽ ദൈവത്തിന്റെ വഴി നമുക്ക് നഷ്ടമാകും.

3. അവർ വചനം പഠിച്ച് ഒരുങ്ങിയവരല്ല, ദൈവഭക്തന്മാരുടെ നിർദ്ദേശങ്ങൾ അനുസരിക്കുവാനും അവർ തയ്യാറല്ല. താഴ്മ അവർക്കില്ല.

4. അവർ ദൈവത്തെ കാത്തിരിക്കുന്നില്ല. അകമേയുള്ള പരിശുദ്ധാത്മാവിന്റെ ആലോചനയയെ കൈക്കൊള്ളുന്നതുമില്ല. സ്വന്ത ഇഷ്ടം അനുസരിക്കുന്നവർ അവരുടെ ഇഷ്ടം മാത്രം നോക്കുന്നു.

നാം സന്തോഷത്തോടും ഉത്സാഹത്തോടും ദൈവത്തിന്റെ ഇഷ്ടം അനുസരിക്കുമ്പോൾ ദൈവത്തിന്റെ വഴി നമുക്ക് നഷ്ടമാകയില്ല. പൗലൊസ് തന്നെക്കുറിച്ച് തന്നെ പറയുന്നത്, " ഞാൻ സ്വർഗ്ഗീയ ദർശനത്തിന് അനുസരണക്കേടു കാണിച്ചിട്ടില്ല " (അപ്ര. 26:19) എന്നാണ്. എല്ലാ വഴികളിലും പൗലൊസ് ദൈവത്തെ അനുസരിച്ചു. അതുകൊണ്ട് പരിശുദ്ധാത്മാവിനും തന്നെ നടത്തുവാൻ കഴിഞ്ഞു.

5. അവർ ഭയവും അവിശ്വാസവും ഉള്ളവരായിരുന്നു. യിസ്രായേൽ മക്കളുടെ ഭയവും അവിശ്വാസവും കനാൻദേശത്തിലെത്തുന്നതിനു തടസമായി. എന്നാൽ യോശുവയും കാലേബും വിശ്വാസവും ഉറപ്പും ുള്ളവരായി പറഞ്ഞു. കനാൻ ദേശെ ദൈവം നമുക്കു തരും. അവർക്കു ദൈവത്തെക്കുറിച്ചുള്ള കാഴ്ചപാട് മങ്ങി. മല്ലന്മാരെയും വലിയ മതിലുകളെയും കണ്ട് ഭയപ്പെട്ടുപോയി. അതുകൊണ്ട് ദൈവത്തിന്റെ വഴിയെ നഷ്ടപ്പെടുത്തി മരുഭൂമിയിൽ പട്ടുപോയി.

6. അവർ ദൈവത്തോടുള്ള പ്രാർത്ഥനയിൽ ലഭിക്കുന്ന ധൈര്യവും പ്രത്യാശയും കാര്യമായെടുത്തില്ല.

" പൗലൊസ് പറയുന്നത് പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ റോമർ. 12:13. മടുപ്പും പ്രാർത്ഥനയിലുള്ള മുടക്കം ഉറങ്ങിയും മങ്ങിയുമുള്ള പ്രാർത്ഥന, ഇവ ദൈവമക്കളുടെ ദൈവത്തിലുള്ള സന്തോഷത്തെയും ഉറപ്പിനെയും കൊള്ളയടിക്കുന്നു.

7. ക്ഷമയില്ലായ്മയും വെറുപ്പും നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതികളിൽ പലതിനെയും തടയുന്നു. നാം ക്ഷമയോടും ശാന്തമായും വിശ്വാസത്തോടും വിശ്വസ്തതയോടും കാത്തിരിക്കണം. വിശ്വാസത്തിൽ പരാജയപ്പെടാതെ നിലനിൽക്കുന്നു എങ്കിൽ നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതികൾ അവിടുന്ന് നമ്മെ കാണിക്കും.

ഒടുവിലായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ തെറ്റായിട്ടോ, വെളിപ്പെടുത്തപ്പെട്ട ദൈവവചനത്തിന്റെ വെളിപ്പാടുകൾക്ക് വിരുദ്ധമായിട്ടോ നടത്തുകയില്ല എന്ന് നല്ല ഉറപ്പുണ്ടായിരിക്കണം. പരിശുദ്ധാത്മാവ് ഒരിക്കലും നമ്മെ മര്യാദയില്ലാത്തവരായിട്ടോ താഴ്മയില്ലാത്തവരായിട്ടോ നടത്തുകയില്ല. വിനയബുദ്ധിയുള്ളവരായിരിപ്പിൻ എന്നത് ഒരു ദൈവിക കല്പനയാണ്. കുലീനവും ശ്രേഷ്ഠവുമായ ദൈവവചനത്തിന്റെ മഹത്വത്തിലേയ്ക്കും, നീതിയുടെയും വിശുദ്ധിയും പ്രമാണങ്ങളിലേയ്ക്കും പരിശുദ്ധാത്മാവ് നമ്മെ നടത്തുന്നു.

ചില സന്ദർഭങ്ങളിൽ പരിശുദ്ധാത്മാവു നമ്മെ നടത്തും. പിതാവായ ദൈവം പുത്രനായ ക്രിസ്തുവിനെ സാത്താനാൽ പരീക്ഷിക്കപ്പെടേണ്ടതിന് മരുഭൂമിയിലേക്കും പിന്നെ പീലാത്തോസിന്റെ ന്യായവിധിയുടെ അരമനയിലേക്കും അതിന്റെ ശേഷം കാൽവറിയിലേക്കും നടത്തുകയുണ്ടായി.

പരിശുദ്ധാത്മാവ് പൗലൊസിനെ കാരാഗൃഹത്തിലേയ്ക്കും കല്ലെറിയപ്പെടാനും, ചമ്മട്ടിക്കും, വിശപ്പിനും, തണുപ്പിനും ഉപദ്രവത്തിനും മരണത്തിനും ഏല്പിക്കുകയുണ്ടായി. പൗലൊസ് പറയുന്നത് അവൻ എന്നോട് : എന്റെ കൃപ നിനക്കു മതി: എന്റെ ശക്തി ബലഹീനതകളിൽ തികഞ്ഞു വരുന്നു എന്ന് പറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്നിൽ ആവസിക്കേണ്ടതിന് ഞാൻ അതി സന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും. അതുകൊണ്ട് ഞാൻ ക്രിസ്തുവിനുവേണ്ടി ബലഹീനത കയ്യേറ്റം, ബുദ്ധിമുട്ട്, ഉപദ്രവം, ഞെരുക്കം എന്നിവ സഹിപ്പാൻ ഇഷ്ടപ്പെടുന്നു (2കൊരി. 12:9,10). ഹല്ലേലൂയ്യാ! അങ്ങനെ നാം ആ സ്വർഗ്ഗീയ വഴികാട്ടിയായ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടും.

❖

"ആത്മാവിനാൽ നാം ജീവിക്കുന്നു. എങ്കിൽ ആത്മാവിനെ അനുസരിച്ചു നടക്കുകയും ചെയ്യും"
(ഗലാ. 5:25)

" യഹോവയിൽ ആശ്രയിക്കയും യഹോവ തന്നേ ആശ്രയമായിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ. അവൻ വെള്ളത്തിനരികെ നട്ടിരിക്കുന്നതും ആറ്റരികെ വേരൂന്നിയിരിക്കുന്നതുമായ വൃക്ഷം പോലെയാകും; ഉഷ്ണം തട്ടുമ്പോൾ അതു പേടിക്കയില്ല; അതിന്റെ ഇല പച്ചയായിരിക്കും; വരൾച്ചയുള്ള കാലത്തും വാട്ടം തട്ടാതെ ഫലം കായിച്ചുകൊണ്ടിരിക്കും. " (യിരെ.17:7,8)

സഭകളിൽ പരിശുദ്ധാത്മാവിന്റെ പകർച്ച

പരിശുദ്ധാത്മാവ്
ദൈവത്തിന്റെ ആത്മാവ്
സത്യത്തിന്റെ ആത്മാവ്
സാക്ഷ്യത്തിന്റെ ആത്മാവ്
പാപബോധമുണ്ടാക്കുന്ന ആത്മാവ്
ശക്തിയുടെ ആത്മാവ്
വിശുദ്ധിയുടെ ആത്മാവ്
ജീവന്റെ ആത്മാവ്
ദത്തെടുത്ത ആത്മാവ്
സഹായിക്കുന്ന ആത്മാവ്
സ്വാതന്ത്ര്യത്തിന്റെ ആത്മാവ്
പരിജ്ഞാനത്തിന്റെ ആത്മാവ്
വെളിപ്പാടിന്റെ ആത്മാവ്
വാഗ്ദത്തത്തിന്റെ ആത്മാവ്
സ്നേഹത്തിന്റെ ആത്മാവ്
സൗമ്യതയുടെ ആത്മാവ്
നല്ല മനസാക്ഷിയുടെ ആത്മാവ്
കൃപയുടെ ആത്മാവ്
മഹത്വത്തിന്റെ ആത്മാവ്
പ്രവചനത്തിന്റെ ആത്മാവ്

From Samuel Chadwick